# Joint Logo for the Celebration of 50 years of India-Vietnam Diplomatic Relations

June 18, 2022

## ഇന്ത്യ-വിയറ്റ്നാം നയതന്ത്ര ബന്ധത്തിന്റെ 50 വർഷം ആഘോഷിക്കുന്നതിനുള്ള സംയുക്ത ലോഗോ

ജൂൺ 18, 2022

2022 ജൂൺ 17-ന് ന്യൂഡൽഹിയിൽ നടന്ന പ്രത്യേക ആസിയാൻ-ഇന്ത്യ വിദേശകാര്യ മന്ത്രിമാരുടെ യോഗത്തോടനുബന്ധിച്ച്, വിദേശകാര്യ മന്ത്രി ഡോ. എസ്. ജയശങ്കറും വിയറ്റ്നാം വിദേശകാര്യ മന്ത്രി ബുയി തൻ സണും ചേർന്ന് ഇന്ത്യ-വിയറ്റ്നാം നയതന്ത്ര ബന്ധത്തിന്റെ 50-ാം വാർഷികാഘോഷത്തിന്റെ സംയുക്ത ലോഗോ പുറത്തിറക്കി.




ഇരു രാജ്യങ്ങളിലെയും പൗരന്മാർക്കായി നടത്തിയേ തുറന്ന മത്സരത്തിലൂടെ ഇരുപക്ഷവും സംയുക്തമായാണ് ലോഗോ തിരഞ്ഞെടുത്തത്. രണ്ട് രാജ്യങ്ങളിലെയും ദേശീയ പ്രാധാന്യമുള്ള പക്ഷികളായ മയിലിലൂടെയും

കൊക്കിലൂടെയും പ്രതീകാത്മകമായി ഇന്ത്യയും വിയറ്റ്നാമും തമ്മിലുള്ള ദീർഘകാല സൗഹൃദത്തെ ചിത്രം പ്രതിനിധീകരിക്കുന്നു. 50 വർഷത്തെ നയതന്ത്ര ബന്ധങ്ങളെ സൂചിപ്പിക്കാൻ 50 എന്ന അക്കവും അതിന്റെ കേന്ദ്രത്തിൽ ഇന്ത്യയുടെയും വിയറ്റ്നാമിന്റെയും ദേശീയ പതാകകളും ഇതിൽ ഉൾപ്പെടുന്നു.

**ന്യൂ ഡെൽഹി**
**ജൂൺ 17, 2022**

DISCLAIMER: This is an approximate translation. The original is available in English on MEA's website and may be referred to as the official press release.